# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1755

10.03.2020 ൽ മറുപടി നൽകേണ്ടിയിരുന്നത്.

## വാഹനാപകടങ്ങൾ കുറയ്ക്കുവാൻ നടപടി

| ചോദ്യം<br>ശ്രീ.ടി.ജെ.വിനോദ് | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | വാഹനാപകടങ്ങളുടെ എണ്ണം ദിനംപ്രതി വർദ്ധിക്കുമ്പോഴും സർക്കാർ അത് കുറയ്ക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നില്ല എന്ന ആക്ഷേപത്തിന്റെ നിജസ്ഥിതി വ്യക്തമാക്കുമോ; | (എ) | വാഹന അപകടങ്ങളുടെ എണ്ണം പരമാവധി കുറയ്ക്കുന്നതിനുവേണ്ടി വാഹന പരിശോധന നടത്തിയും, ട്രാഫിക് നിയമലംഘനങ്ങൾക്കെതിരെ കർശനമായ നിയമ നടപടി സ്വീകരിച്ചും, ജനമൈത്രി പോലീസ്, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, മോട്ടോർ വാഹന വകുപ്പ് എന്നിവരുടെ സഹകരണത്തോടെ പൊതുജനങ്ങൾക്ക് ബോധവത്കരണ ക്ലാസ്സുകളും നടത്തി വരുന്നു. റോഡപകടങ്ങൾ തടയുന്നതിനായി പ്രധാന റോഡുകൾ കേന്ദ്രീകരിച്ച് ഹൈവേ പട്രോളിംഗ് ശക്തമാക്കിയും, റഡാർ ഇന്റർസെപ്റ്റർ എന്നിവ ഉപയോഗിച്ച് വാഹന പരിശോധന ഊർജ്ജിതമാക്കിയും, മദ്യപിച്ച് വാഹനമോടിക്കുന്നവർക്ക് എതിരെയും അമിത വേഗത്തിലും, അപകടകരമായും, ലൈസൻസ് ഇല്ലാതെയും, ഹെൽമറ്റ്, സീറ്റ് ബെൽറ്റ് എന്നിവ ഉപയോഗിക്കാതെയും വാഹനമോടിക്കുന്നവർക്ക് എതിരെ തുടർച്ചയായുള്ള നിയമ ലംഘനത്തിന് ലൈസൻസ് ക്യാൻസൽ ചെയ്യുന്നതിനുവേണ്ടി ബന്ധപ്പെട്ട ആർ.റ്റി.ഒ മാർക്ക് റിപ്പോർട്ട് ചെയ്ത് വരുന്നതുമാണ്. മോട്ടോർ വാഹന വകുപ്പുമായി ചേർന്ന് സംയുക്ത വാഹന പരിശോധന നടത്തിയും അപകട മേഖലകൾ കേന്ദ്രീകരിച്ച് മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചും റോഡപകടങ്ങൾ കുറയ്ക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. അതിൽ ഇത്തരത്തിലൊരാക്ഷേപം നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (ബി) | സീറ്റ് ബെൽറ്റും ഹെൽമറ്റും നിർബന്ധമാക്കിയിട്ടും സംസ്ഥാനത്ത് ഉണ്ടാകുന്ന വാഹനാപകടങ്ങൾ മൂലമുള്ള മരണസംഖ്യയിൽ കുറവ് ഉണ്ടായിട്ടില്ലായെന്നത് വസ്തുതയല്ലേയെന്നറിയിക്കാമോ; | (ബി) | വസ്തുതയല്ല. സീറ്റ് ബെൽറ്റും, ഹെൽമറ്റും നിർബന്ധമാക്കിയതിന് ശേഷം സംസ്ഥാനത്ത് ഉണ്ടാകുന്ന വാഹനാപകടങ്ങൾ മൂലമുള്ള മരണ സംഖ്യയിൽ കുറവുണ്ടായിട്ടുണ്ട്. ആയത് സംബന്ധിച്ച രണ്ടു വർഷത്തിലെ മൂന്ന് മാസത്തെ താരതമ്യ കണക്കുകൾ ചുവടെ ചേർക്കുന്നു. |

| വർഷം | ഹെൽമറ്റ് ധരിക്കാത്തതു മൂലം ഉണ്ടായ മരണം | സീറ്റ് ബെൽറ്റ് ധരിക്കാത്തതു മൂലം ഉണ്ടായ മരണം |
|---|---|---|
| 01/12/2018 മുതൽ 28/2/2019 വരെ | **279** | **268** |
| 1/12/2019 മുതൽ 28/2/2020 വരെ | **177** | **163** |

| | | | |
|---|---|---|---|
| (സി) | കർശന നടപടികളിലൂടെ മാത്രമേ ഗതാഗത ചട്ടലംഘനങ്ങളും അതുവഴി അപകടങ്ങളും കുറയ്ക്കുവാനാകൂ എന്നിരിക്കെ ഇക്കാര്യത്തിൽ കർശന നിലപാട് സ്വീകരിക്കുമോയെന്ന് അറിയിക്കുമോ; | (സി) | ട്രാഫിക് നിയമ ലംഘനങ്ങൾക്കെതിരെ നിലവിലുള്ള നിയമങ്ങൾക്ക് അനുസൃതമായ രീതിയിലുള്ള കർശന നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | അവിനാശിയിലുണ്ടായ വാഹനാപകടത്തിൽ 19 മലയാളികളുടെ ജീവൻ നഷ്ടപ്പെട്ട സാഹചര്യത്തിൽ സംസ്ഥാനത്തെ നിരത്തുകൾ സുരക്ഷിതമാക്കുന്നതിനും നിയമ ലംഘകർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകുമോ? | (ഡി) | സംസ്ഥാനത്തെ നിരത്തുകൾ സുരക്ഷിതമാക്കുന്നതിനും നിയമലംഘകർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും സംസ്ഥാന പോലീസ് മേധാവിയുടെ 20/2/2020 തീയതിയിലെ S2(a)/34409/2018 നമ്പർ ഉത്തരവ് പ്രകാരം എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**